<u>**15 -ാം കേരള നിയമസഭ**</u>

<u>**12 -ാം സമ്മേളനം**</u>

<u>**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 658**</u> <u>**08-10-2024 - ൽ മറുപടിയ്ക്ക്**</u>

<u>**വൈദ്യുതി നിരക്ക്**</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. നജീബ് കാന്തപുരം** | | **ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി)** | |
| (എ) | പ്രതിമാസം 250 യൂണിറ്റിന് മുകളിൽ വൈദ്യുതി ഉപയോഗിക്കുന്ന ഗാർഹിക ഉപഭോക്താക്കൾക്കും സൗരോർജ്ജ വൈദ്യുതി ഉല്പാദിപ്പിച്ച് ഗ്രിഡിലേക്ക് നൽകുന്നവർക്കും നിരക്ക് വർധിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; | (എ) | സംസ്ഥാനത്തെ വിവിധ വിഭാഗ ഉപഭോക്താക്കളുടെ താരിഫ നിർണ്ണയിക്കാനുള്ള അധികാരം, വൈദ്യുത നിയമം 2003-ലെ 45,62,86 എന്നീ വകുപ്പുകള് പ്രകാരം സംസ്ഥാന വൈദ്യുതി റെഗുലേറ്ററ കമ്മീഷനിൽ പ്രത്യേക അവകാശമായ നിക്ഷിപ്തമാണ്. പ്രധാനമായും, LT VI (D) ജനറൽ കാറ്റഗറിയിൽ ഉൾപ്പെടുന്ന അനാഥാലയങ്ങൾ, വൃദ്ധസദനങ്ങൾ അംഗൻവാടികൾ മുതലായ വിഭാഗങ്ങളൊഴിച്ച ബാക്കി എല്ലാ ഉപഭോക്തൃ വിഭാഗങ്ങൾക്കു ബാധകമായിട്ടുള്ള താരിഫ് പരിഷ്കരണ ശിപാർശകൾ സംസ്ഥാന വൈദ്യുത റെഗുലേറ്ററി കമ്മീഷൻ മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത ശിപാർശകളിന്മേൽ വൈദ്യുതി റെഗുലേറ്ററി കമ്മീഷന് ഉത്തരവുകൾ ഒന്നും തന്നെ പുറപ്പെടുവിച്ചിട്ടില്ല.<br><br>പൊതുവേയുള്ള വർദ്ധനവിന്റെ ഭാഗമായി മറ്റ ഗാർഹിക ഉപഭോക്താക്കൾക്ക് ശിപാർശ ചെയ്തിട്ടുള്ള വർദ്ധനവ്, സമാനമായ രീതിയിൽ 250 യൂണിറ്റിനു മുകളിൽ പ്രതിമാസ ഉപഭോഗമുള്ള ഗാർഹിക വിഭാഗ ഉപഭോക്താക്കൾക്കും ശിപാർശ ചെയ്തിട്ടുണ്ട് എന്നാൽ ടി ഉപഭോക്താക്കൾക്ക് പകൽ സമയത്ത് 10% എനർജി ചാർജ് കുറയ്ക്കാനുള്ള നിർദ്ദേശങ്ങളും കൂടി കെ എസ്.ഇ.ബി.ലിമിറ്റഡ് നൽകിയിട്ടുണ്ട്. പകൽ സമയത്ത് ചാർജ്ജ് കുറയ്ക്കുന്നതിനുള്ള ശിപാർശ റെഗുലേറ്ററി കമ്മീഷന് അംഗീകരിക്കുന്ന പക്ഷം ആയത നടപ്പിലാക്കുന്നതിനായി ടി.ഒ.ഡി മീറ്ററുകൾ സ്ഥാപിക്കേണ്ടതായിട്ടുണ്ട്. ആയതിലേക്ക് 250 |

| | | | |
|---|---|---|---|
| | | | യൂണിറ്റിനു മുകളിൽ പ്രതിമാസ ഉപഭോഗമുള്ള ഗാർഹിക ഉപഭോക്താക്കൾക്ക് പൂർണ്ണമായു ടി.ഒ.ഡി മീറ്റർ സ്ഥാപിക്കണമെന്നുള്ള ശിപാർശ കൂടി പെറ്റീഷനോടൊപ്പ നൽകിയിട്ടുണ്ട്.<br><br>സോളാർ ഉപഭോക്താക്കൾക്ക് പ്രത്യേകമായ വൈദ്യുതി ചാർജ്ജ് വർദ്ധനവിന് ശിപാർശ ചെയ്തിട്ടില്ല. സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ മുൻപാകെ സാധാരണ ഉപഭോക്താക്കളുടെ താരിഫ പരിഷ്കരണത്തിനായി ശിപാർശ ചെയ്തിട്ടുള്ള നിരക്ക്, റെഗുലേറ്ററി കമ്മീഷൻ അംഗീകരിക്കുകയാണെങ്കിൽ സോളാർ ഉപഭോക്താക്കളുടെ ബില്ല്ചെയ്യപ്പെടുന്ന ഉപഭോഗത്തിനും ബാധകമാകും. എന്നാൽ ഒര ദിവസത്തിൽ ആകെയുള്ള 24 മണിക്കൂറിൽ നാലു മണിക്കൂർ നേരത്തേക്ക് (വൈകുന്നേരം 6 മണി മുതൽ രാത്രി 10 മണി വരെ) കെ.എസ്.ഇ.ബി.എൽ നൽകുന്ന വൈദ്യുതിയ്ക്ക കമ്മീഷൻ അംഗീകരിക്കുന്ന നിരക്കിൽ വൈദ്യുതി ചാർജ്ജ് നൽകണമെന്നുള്ള ശിപാർശയാണ് സമർപ്പിക്കപ്പെട്ടിട്ടുള്ളത്. |
| (ബി) | എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (ബി) | സംസ്ഥാനത്തെ വിവിധ വിഭാഗം ഉപഭോക്താക്കളുടെ താരിഫ് പരിഷ്കരണത്തിനായി കെ.എസ്.ഇ.ബി ലിമിറ്റഡ്, സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ മുമ്പാകെ നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടുണ്ട്. ഇത് കമ്മീഷന്റെ പരിഗണനയിലാണ്. ഗാർഹിക ഉപഭോക്താക്കളുടെ നിരക്ക് വർദ്ധനവുമായി ബന്ധപ്പെട്ട എനർജി ചാർജ്ജ് സംബന്ധിച്ച വിശദാംശം **അനുബന്ധം I** ആയും ഫിക്സഡ് ചാർജ്ജ് സംബന്ധിച്ച വിശദാംശം **അനുബന്ധം II** ആയും ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം –I

**എനർജി ചാർജ് : സിംഗിൾ ഫേസ്/ ത്രീഫേസ് (രൂപ/യൂണിറ്റ്)**

| പ്രതിമാസ സ്ലാബ് (യൂണിറ്റ്) | നിലവില്ല ള്ള താരിഫ് (രൂപ/ യൂണിറ്റ്) | നിർദ്ദേശിച്ച താരിഫ് (രൂപ//യൂണിറ്റ്) | | | |
|---|---|---|---|---|---|
| | | 2024–25 | 2025–26 | 2026–27 | |
| 0–40 (BPL) | 1.50 | 1.50 | 1.50 | 1.50 | Telescopic |
| 0–50 | 3.25 | 3.35 | 3.50 | 3.50 | |
| 51–100 | 4.05 | 4.25 | 4.45 | 4.45 | |
| 101–150 | 5.10 | 5.30 | 5.50 | 5.55 | |
| 151–200 | 6.95 | 7.20 | 7.45 | 7.50 | |
| 201–250 | 8.20 | 8.50 | 8.75 | 8.80 | |
| 0 to 300 | 6.40 | 6.70 | 6.95 | 7.00 | Non-Telescopic |
| 0 to 350 | 7.25 | 7.55 | 7.80 | 7.85 | |
| 0 to 400 | 7.60 | 7.90 | 8.15 | 8.20 | |
| 0 to 500 | 7.90 | 8.20 | 8.45 | 8.50 | |
| above 500 | 8.80 | 9.10 | 9.35 | 9.40 | |

**സെക്ഷൻ ഓഫീസർ**

# അനുബന്ധം -II

## ഫിക്സഡ് ചാർജ് (രൂപ/ഉപഭോക്താവിന്/ പ്രതിമാസം)

| സ്ലാബ് /യൂണിറ്റ് | നിലവിലുള്ള താരിഫ് | സിംഗിൾ ഫേസ് നിർദ്ദേശിച്ച താരിഫ് | | | നിലവിലുള്ള താരിഫ് | ത്രീഫേസ് നിർദ്ദേശിച്ച താരിഫ് | | |
|---|---|---|---|---|---|---|---|---|
| | | 2024-25 | 2025-26 | 2026-27 | | 2024-25 | 2025-26 | 2026-27 |
| 0-40 (BPL) | 0 | 0 | 0 | 0 | 0 | 0 | 0 | 0 |
| 0-50 | 40 | 50 | 55 | 55 | 100 | 150 | 170 | 175 |
| 51-100 | 65 | 80 | 90 | 90 | 140 | 170 | 180 | 185 |
| 101-150 | 85 | 100 | 110 | 110 | 170 | 200 | 210 | 215 |
| 151-200 | 120 | 150 | 160 | 165 | 180 | 210 | 220 | 225 |
| 201-250 | 130 | 160 | 170 | 175 | 200 | 230 | 240 | 245 |
| 0 to 300 | 150 | 180 | 190 | 195 | 205 | 235 | 245 | 250 |
| 0 to 350 | 175 | 205 | 215 | 220 | 210 | 240 | 250 | 255 |
| 0 to 400 | 200 | 230 | 240 | 245 | 210 | 240 | 250 | 255 |
| 0 to 500 | 230 | 260 | 270 | 275 | 235 | 265 | 275 | 280 |
| above 500 | 260 | 290 | 310 | 315 | 260 | 300 | 310 | 315 |

**സെക്ഷൻ ഓഫീസർ**